"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-State Eligibility Test പരീക്ഷ-കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ സെറ്റ് പരീക്ഷാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് യോഗ്യത സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**പൊതുവിദ്യാഭ്യാസ(എസ്. സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2050/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 18/06/2020

---

പരാമർശം:- എൽ.ബി.എസ് ഡയറക്ടറുടെ 25/05/2020ലെ ബി10/6699/2018 നം. കത്ത്

**<u>ഉത്തരവ്</u>**

2019 ഫെബ്രുവരി സെറ്റ് പരീക്ഷ പാസ്സായ അവസാന വർഷ പി.ജി/B.Ed വിദ്യാർഥികൾക്ക് കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ പരീക്ഷ വൈകുന്നതിനാൽ സെറ്റ് സർട്ടിഫിക്കറ്റിനായി കോഴ്സ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന വിദ്യാർഥികളുടെ ആവശ്യത്തിന്മേൽ ആവശ്യമായ മാർഗനിർദേശം നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം എൽ.ബി.എസ് ഡയറക്ടർ സർക്കാരിനോട് അഭ്യർഥിച്ചിരുന്നു.

2. 2019 ഫെബ്രുവരി സെറ്റ് പരീക്ഷ മാർച്ച് 31 ന് നടന്നു. 08/05/2019ന് ഫലം പ്രസിദ്ധപ്പെടുത്തി. സെറ്റ് പ്രോസ്പെക്ടസ് പ്രകാരം 08/05/2020ന് മുൻപായി യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രമേ സെറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ നിലവിലെ കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ സർവകലാശാലകൾ നടത്തുന്ന ബിരുദാനന്തര ബിരുദ / ബി.എഡ് പരീക്ഷകൾ യഥാസമയം നടത്തുവാനായിട്ടില്ല. ആയതിനാൽ 2019 സെറ്റ് ഫെബ്രുവരി പരീക്ഷ വിജയിച്ച അവസാന വർഷ ബിരുദാനന്തര ബിരുദ / ബി.എഡ് വിദ്യാർഥികൾക്ക് അവരുടെ കോഴ്സ് സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ഹാജരാക്കി SET സർട്ടിഫിക്കറ്റ് നേടുവാൻ സാധിക്കില്ല.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഫെബ്രുവരി 2019 സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) പരീക്ഷ വിജയിച്ച രണ്ടാം വർഷ ബിരുദാനന്തര ബിരുദ / ബി.എഡ് വിദ്യാർഥികൾക്ക് SET സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അവരുടെ യോഗ്യത സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ, 08.05.2020 മുതൽ ആറ് മാസത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജ്യോതിലക്ഷ്മി എൽ**